(ഡി) ആഭ്യന്തര, ആരോഗ്യ, വിദ്യാഭ്യാസ, എക്സൈസ്, ട്രാൻസ്പോർട്ട്, ലോക്കൽ സെൽഫ് ഗവൺമെന്റ് വകുപ്പുകൾ, പ്രിന്റ് ആന്റ് വിഷ്വൽ മീഡിയ, പി.ടി.എ., കച്ചവടക്കാർ, ഓട്ടോ-ടാക്സി ഡ്രൈവർമാർ, അതാത് റസിഡൻഷ്യൽ അസോസിയേഷനുകൾ, ആന്റ് നാർക്കോട്ടിക് ക്ലബ്ബിലെ പ്രതിനിധികൾ, റോഡു സുരക്ഷിത ക്ലബ്ബിലെ പ്രതിനിധികൾ, ജനമൈത്രി സുരക്ഷാ സമിതിയിലെ അംഗങ്ങൾ, വ്യാവസായിക പ്രതിനിധികൾ, ലോക്കൽ ട്രേഡ് യൂണിയൻ പ്രതിനിധികൾ, അദ്ധ്യാപക പ്രതിനിധികൾ, വനിതാ സംഘടനാ പ്രതിനിധികൾ, സ്കൂൾ കൗൺസിലേഴ്സ് തുടങ്ങി സാമൂഹിക രംഗത്തെ അനേകം പ്രതിനിധികൾ എന്നിവർ പ്രസ്തുത പദ്ധതിയുമായി സഹകരിച്ചുവരുന്നു.

ചേലക്കര മണ്ഡലത്തിൽ പുതിയ പോലീസ് സ്റ്റേഷൻ

166 (171) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ ദേശമംഗലം കേന്ദ്രമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(സി) ഈ പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് ഈ വർഷം തന്നെ ഇവിടെ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാലിസ്റ്റ് തയ്യാറാക്കുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. അതിനായി പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ പി.ആന്റ്എ.ആർ.ഡി.-ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചശേഷം ആവശ്യമെങ്കിൽ ചേലക്കര മണ്ഡലത്തിലെ വരവൂർ കേന്ദ്രമായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly